അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന സ്പിരിറ്റ്

1013 [1904] ശ്രീമതി. കെ. ആർ. ഗൗരി:
ശ്രീ. ഇ. പത്മനാഭൻ:
,, എം. ജിനദേവൻ:
,, കെ. മൂസ്സക്കുട്ടി:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനവ്യാപകമായി സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ടുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അനധികൃതമായി കടത്തിക്കൊണ്ടുവന്ന എത്ര ലിറ്റർ സ്പിരിറ്റ് അധികൃതർ പിടിച്ചെടുത്തിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർചെയ്തു; എത്ര പേരെ ശിക്ഷിച്ചു;

(ഡി) അനധികൃതമായി സ്പിരിറ്റ് കടത്തിക്കൊണ്ടുവരുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) സ്പിരിറ്റും, ചാരായവും അനധികൃതമായി കടത്തിക്കൊണ്ടുവരുന്നത് തടയാൻ ചെക്പോസ്റ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വ്യക്തമായി കണക്കാക്കാൻ സാധിച്ചിട്ടില്ല.

(ഇ) അഞ്ച് എക്സൈസ് ചെക്പോസ്റ്റുകൾ ഇപ്പോഴുണ്ട്. കൂടുതൽ ചെക്പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ്

1014 [1905] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാലാവധി എത്ര വർഷമാണ്;

(ബി) നിലവിലുള്ള ബോർഡിന്റെ കാലാവധി കഴിഞ്ഞുവോ;

(സി) കേരള സ്റ്റേറ്റ് ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാലാവധി 3 വർഷത്തേക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ബോർഡിന്റെ കാലാവധി 1986 മാർച്ച് മാസം 20-ാം തീയതി അവസാനിച്ചു. എന്നാൽ ആക്ടിലെ വ്യവസ്ഥ പ്രകാരം ബോർഡ് പുനഃസംഘടിപ്പിക്കുന്നതുവരെ ഈ ബോർഡിന് തുടരാൻ കഴിയുന്നതാണ്.

(സി) ഉണ്ട്.

ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

1015 [1906] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻവഴി 1985-86-ൽ വിതരണം ചെയ്ത വിദേശമദ്യം എത്ര രൂപയ്ക്കായിരുന്നു;

(ബി) 1985-86-ൽ ബിവറേജസ് കോർപ്പറേഷൻ ലാഭകരമായിട്ടായിരുന്നുവോ പ്രവർത്തിച്ചിരുന്നത്;

(സി) എങ്കിൽ ലാഭമെത്ര?

ഉത്തരം

(എ) 67.19 കോടി രൂപയ്ക്കായിരുന്നു.

(ബി) അതെ.

(സി) 3.05 കോടി രൂപ.

കെ. എസ്. ആർ. ടി. സി.

1016 [1907] ശ്രീ. ഒ. ഭരതൻ:
,, എം. ജിനദേവൻ:
,, കെ. മൂസ്സക്കുട്ടി:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നാണ് കെ. എസ്. ആർ. ടി. സി. പണം കടമെടുക്കാറുള്ളത്;

(ബി) ഇപ്പോഴത്തെ ഇതിൽ ഓരോ സ്ഥാപനത്തിനും കൊടുത്തു തീർക്കേണ്ട തുക പലിശസഹിതം എത്ര വീതം;

(സി) 1985-86-ൽ മൊത്തം കടമെടുത്ത സംഖ്യ എത്ര; 1984-85-ൽ ഇത് എത്രയായിരുന്ന?

ഉത്തരം

(എ) എൽ. ഐ. സി., എസ്. ബി. ഠറി., ഐ. ഡി. ബി. ഐ., സ്റ്റേറ്റ് ബാങ്ക്, ടി. ഡി. എഫ്. സി. മുതലായ സ്ഥാപനങ്ങളിൽനിന്ന്.

(ബി) എൽ. ഐ. സി.—807.60 ലക്ഷം രൂപ. പലിശ 14%, 15%.

LIBRARY ARCHIVES Kerala Legislative Assembly